# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2868** **07.12.2018 ലെ മറുപടി**

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പട്ടാമ്പി മണ്ഡലത്തിൽ ജലസേചന വകുപ്പിനു (എ) കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ, അവയുടെ നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ; | 1. പട്ടാമ്പി മണ്ഡലത്തിൽ - മിർപ്പ 2018-19 കലുക്കല്ലൂർ പഞ്ചായത്തിലെ തത്തനംപുള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സക്ഷൻ ലൈൻ, ഡെലിവറി ലൈൻ, കനാലിന്റെ അറ്റകുറ്റ പണികൾ എന്നിവ പൂർത്തീകരിച്ചു.<br>2. മിർപ്പ പദ്ധതിയിലുൾപ്പെടുത്തി മുതുതല പഞ്ചായത്തിലെ പെരുമുടിയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>3. പി.എം.- 2017-18 ൽ തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പ്രധാന കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്<br>4. 2017-18 റീ ഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ കലുക്കല്ലൂർ പഞ്ചായത്തിലെ ആനയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും മറ്റൊരു പ്രവൃത്തിയായ പെരുമുടിയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്.<br>5. നബാർഡ് ആർ.ഐ.ഡി.എഫ് 14 പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ പഞ്ചായത്തിലെ ചെങ്ങണാം കുന്നിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള റഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ 84 ശതമാനം പൂർത്തിയായിട്ടുണ്ട്. |

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) 2018 ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിൽ ചെങ്ങണാംകുന്ന് റഗുലേറ്റർ നിർമ്മാണ പ്രദേശത്ത് മണൽ അടിഞ്ഞുകൂടിയിട്ടുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണം താത്ക്കാലികമായി തടസ്സപ്പെട്ടിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മണൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതികൾ ഏകദേശം എന്നു പൂർത്തിയാക്കാൻ സാധിക്കുമെന്നു വെളിപ്പെടുത്തുമോ?

(സി) പ്രസ്തുത പ്രവൃത്തി 2019 മാർച്ച് 31 നകം പൂർത്തീകരിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ